വാരാന്ത്യപതിപ്പ് ലക്കം-22 | OCTOBER 17 - OCTOBER 23

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## ഉള്ളടക്കം

**എൻ.എസ്.എസ് വാർത്തകൾ**

അച്ചടക്കത്തെക്കുറിച്ച് സോഷ്യോ പോഡ്സ്
പേജ് 1

എൻ എസ് എസ് എൻറോൾമെന്റ് 2021
പേജ് 1

ദാരിദ്ര്യ നിർമ്മാർജ്ജന ദിനം
പേജ് 2

അഭയം പ്രമോഷൻ വീഡിയോ റിലീസ്
പേജ് 2

അഗ്വഞ്ചർ
പേജ് 3

ചോദ്യം ഉത്തരം
പേജ് 4

അക്ഷരാഗ്നി
പേജ് 4

ചിന്താവിഷയം
പേജ് 5




സോഷ്യോപോഡ്സ് പോസ്റ്റർ

# എൻ.എസ്.എസ്. വാർത്തകൾ

## അച്ചടക്കത്തെക്കുറിച്ച് സോഷ്യോ പോഡ്സ്

യൂണിറ്റിന്റെ പോഡ്കാസ്റ്റായ സോഷ്യോ പോഡ്സിലൂടെ അച്ചടക്കത്തിന്റെ പ്രാധാന്യത്തെ കുറിച്ച് വളന്റിയർ ആര്യ പ്രമോദ് സംസാരിച്ചു. ചെയ്യേണ്ട കാര്യങ്ങൾ, ചെയ്യേണ്ട സമയത്ത് ,ചെയ്യേണ്ട വിധത്തിൽ ചെയ്യുക എന്നതാണ് അച്ചടക്കമെന്ന് ആര്യ ഓർമ്മപ്പെടുത്തി.

## എൻ എസ് എസ് എൻറോൾമെന്റ് 2021

തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ നാഷണൽ സർവീസ് സ്കീം 42 - 144 യൂണിറ്റുകളിലേക്കുള്ള 2021 ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു.


താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് സ്റ്റുഡൻസ് ലോഗിൻ മുഖേന അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്

അവസാന തിയ്യതി ഒക്ടോബർ ഇരുപത്തിമൂന്ന്. ഇതിന്റെ ഭാഗമായി ഈ വർഷം എൻ എസ് എസ് യൂണിറ്റ് നടത്തിയ പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു വീഡിയോ നിർമ്മിച്ചു.



## ദാരിദ്ര്യ നിർമ്മാർജ്ജന ദിനം

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ള അന്താരാഷ്ട്ര ദിനം ഒക്ടോബർ പതിനേഴിന് ആചരിച്ചു.ദാരിദ്ര്യം, അക്രമം, പട്ടിണി എന്നിവകൊണ്ട് ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുക എന്ന മഹത്തായ ലക്ഷ്യമാണ് ഈ ആചരണത്തിന് പിന്നിലുള്ളത്. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.




## അഭയം പ്രമോഷൻ വീഡിയോ റിലീസ്

അഭയം ഭവന നിർമ്മാണ പദ്ധതി വിവരിക്കുന്ന രണ്ടാമത്തെ പ്രമോഷൻ വീഡിയോ പുറത്തിറങ്ങി. സിനിമ താരം ചാർളി വീഡിയോയിൽ അഭയം ഭവന നിർമ്മാണ പദ്ധതിയെക്കുറിച്ച് സംസാരിച്ചു. പദ്ധതിയ്ക്ക് ആശംസയും പിന്തുണയും അറിയിച്ചതിനൊപ്പം ഏവരുടേയും സഹകരണവും അഭ്യർത്ഥിച്ചു.

# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി വിജയകരമായി മുന്നോട്ടുപോകുന്നു. ഈ ആഴ്ചയിൽ വെള്ളി ,ശനി ദിവസങ്ങളിലായി രാവിലെ 9 മുതൽ വൈകീട്ട് 4 വരെ നാല്പതോളം വളന്റിയേഴ്സ് അവിടെ കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.














**ചോദ്യം ഉത്തരം**


**എൻ എസ് എസ് ചിഹ്നത്തിലെ എട്ട് അരക്കാലുകൾ സൂചിപ്പിക്കുന്നതെന്ത്?**

**ഒരു ദിവസത്തിലെ എട്ടു യാമങ്ങൾ**

# അക്ഷരാഗ്നി

**-മീട്ടു മനോജ് സി**

**"അന്ന് എന്റെ ഉള്ളിലെ മുറിവിന്റെ ആഴം ഞാൻ നിങ്ങളെ കാണിക്കും. എന്റെ ഹൃദയത്തിൽ നിന്നു പൊടിയുന്ന രക്തകണങ്ങൾ നിങ്ങളുടെ കാൽക്കൽ പതിക്കും. അന്ന് നിങ്ങൾ എന്നെ മറക്കാൻ ആരംഭിക്കും.. എങ്കിലും ഓർമകൾ കൊണ്ട് നിങ്ങളെ ഞാൻ ശ്വാസം മുട്ടിക്കും. അറിഞ്ഞിട്ടും അറിയാതെ പോയതിനെക്കുറിച്ചു നിങ്ങൾ വിലപിക്കും. സ്വയം നഷ്ടപ്പെടുത്തിയ പലതിനെയും കുറിച്ചോർത്ത് നിങ്ങൾ പിടയും. എന്റെ മുറിവിന്റെ ആഴം അന്ന് നിങ്ങൾ അറിയും. അന്ന് നിങ്ങളെന്നെ സ്നേഹിക്കും. അതുകണ്ട് ഞാൻ ചിരിക്കും. എന്തോ നേടിയ ഭാവത്തിൽ.. നിങ്ങളെന്നെ തിരിച്ചറിഞ്ഞ സന്തോഷത്തിൽ.."**
**അവളുടെ ഡയറിയിൽ എഴുതിയ വരികൾ വായിച്ചു കഴിയും മുൻപേ അവൻ വിയർത്തിരുന്നു.മരണവീട്ടിലെന്ന പോലെ അവന്റെ ഉൾത്തടവും നിശബ്ദതയും പിറുപിറുക്കലും വേവലാതികളും കൊണ്ട് നിറഞ്ഞു.വായിച്ച വരികളിലേതു പോലെ അവനു ശ്വാസം മുട്ടി.കണ്ണിലും സിരകളിലും ഇരുട്ട് പടർന്നുകൊണ്ടിരുന്നു.. അവനു അവസാനവരി വായിക്കാനുള്ള കെല്പുണ്ടായില്ല. കണ്ണിലെ ഇരുട്ട് ഹൃദയത്തിലും പടർന്നുതുടങ്ങിയെന്ന് മനസ്സിലായപ്പോൾ അവൻ അലറി.. അലറാതെ പിന്നെ? സ്വയം നഷ്ടപ്പെടുത്തിയതിന്റെ പരിണിതഫലം അനുഭവിക്കാതെ ഒക്കുമോ? ഇല്ല.**
**അവന്റെ കണ്ണിലും ഹൃദയത്തിലും സിരകളിലും പടർന്ന ഇരുട്ടിന്റെ കറുപ്പ് അവനെ പൂർണ്ണമായും വിഴുങ്ങാൻ ആരംഭിച്ചു. കയ്യിലും കഴുത്തിലും ചങ്ങല. അവളുടെ സ്നേഹവളയത്തിൽ അവൻ ബന്ധനസ്ഥനായി കഴിഞ്ഞിരിക്കുന്നു.**
**ഇനി എന്ത്?**



**ചിന്താവിഷയം:**

"ഒരു കാര്യം നേടണമെന്ന് നിങ്ങൾ ഉറപ്പായും ആഗ്രഹിക്കുകയാണെങ്കിൽ, നിങ്ങളത് നേടുവാൻ മുഴുവൻ പ്രപഞ്ചവും കരുക്കൾ നീക്കുന്നു."

-പൗലോ കൊയ്‌ലോ-

@nss_stc_42_144